(Pages : 4) **N – 4098**

**Reg. No. : .............................**

**Name : .................................**

# First Semester B.Com. Degree Examination, June 2022

## First Degree Programme under CBCSS

## Language Course II – Additional Language I – Malayalam

## ML 1111.2 : സാഹിത്യപഠനം I

## (2021 Admission)

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. കയർ എന്ന നോവൽ രചിച്ചതാരാണ്?

2. കൈരളിയുടെ കഥ എന്ന ഗ്രന്ഥത്തിന്റെ കർത്താവാര്?

3. ചക്കീചങ്കരം എന്ന നാടകം ആരുടേതാണ്?

4. മലയാളത്തിലെ അദ്യ ചലച്ചിത്രം ഏതാണ്?

5. ഒരു ദേശത്തിന്റെ കഥ ഏത് സാഹിത്യവിഭാഗത്തിൽ പെടുന്ന കൃതിയാണ്?

6. കഥ, തിരക്കഥ, സിനിമ ആരുടെ കൃതിയാണ്?

7. കുന്ദലത എന്ന നോവൽ രചിച്ചതാര്?

8. സർഗ്ഗം എന്ന ചലച്ചിത്രത്തിന്റെ സംവിധായകനാര്?

P.T.O.

9. കെ.പി.എ.സി.യുടെ ആസ്ഥാനം എവിടെയാണ്?

10. ഒരു ആഫ്രിക്കൻ യാത്ര ആരുടെ യാത്രാവിവരണമാണ്?

**(10 × 1 = 10 Marks)**

II. **അമ്പതു**വാക്കിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. ഭീമൻ അമ്പരന്നു. യുധിഷ്ഠിരൻ ശ്രേഷ്ഠപത്നിയെപ്പറ്റിയാണോ ഈ പറയുന്നത്. സന്ദർഭമേത്?

12. ''നരനാരായണന്മാരിൽ നരൻ ഇപ്പോഴും ബാക്കി.'' അർജ്ജുനൻ ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത്?

13. സ്വീകരിക്കാൻ പുറത്തുവരാത്തതിൽ ക്ഷമിക്കൂ. ഞാനൊരിക്കലും പുറത്തുവരാറില്ലെന്ന് അറിയാമല്ലോ. ആര് എപ്പോൾ പറഞ്ഞതാണീ വാക്കുകൾ?

14. ''പാട്ടുണ്ടാക്കുന്ന സൂതരും മഗധരും കുറച്ചു കൂട്ടിപ്പറയുമായിരിക്കും'' - എന്ന് ഭീമൻ ചിന്തിക്കാനുള്ള കാരണമെന്ത്?

15. 'നല്ലപോലെ നോക്കിക്കോളൂ ദുര്യോധനാ. കൗരവരെ മുഴുവൻ കൊല്ലാൻ പിറന്ന വൃകോദരനെ ശരിക്കും കണ്ടോളൂ' - സന്ദർഭം വിശദമാക്കുക.

16. പ്രഹസനം എന്നാലെന്ത്?

17. 'അതുകൊണ്ട് നിങ്ങളൊക്കെ പടവുകളാവുമിൻ. ഓരോ നിമിഷവും നമുക്ക് വിലപ്പെട്ടതാണ്? സന്ദർഭം എന്ത്?'

18. 'നിന്റെ കയ്യിലെ ആയുധം സൃഷ്ടിക്കാനുള്ളതാണ്. സംഹാരത്തിനുള്ളതല്ല' - താപസൻ ഇപ്രകാരം പറയാനുള്ള സാഹചര്യമെന്ത്?

19. നീയേറ്റുമുട്ടുന്നതും നിന്നോടേറ്റുമുട്ടുന്നതും നീയാണ്. ഇങ്ങനെ പറയാനുള്ള കാരണമെന്ത്?

20. 'ആരെയും രക്ഷിക്കാൻ എന്റെ ശാസ്ത്രം നിർദ്ദേശിക്കുന്നില്ല. അവകാശങ്ങൾ സംരക്ഷിക്കണമെന്നാണ് നിർദ്ദേശം.' സന്ദർഭം എന്ത്?

21. ആരാണ് നാഗാസ്വാമികൾ?

22. എസ്.കെ. പൊറ്റക്കാടിനെ കുറിച്ച് കുറിപ്പെഴുതുക.

23. 'ആയാസരഹിതമായി മോക്ഷം നേടാനാണ് ഇക്കാലത്തെ ആളുകളുടെ മോഹം' സന്ദർഭം എന്ത്?

24. മസ്തിഷ്ക്കമാണ് അവതാരങ്ങളുടെ ജന്മഭൂമി എന്ന് സ്വാമിജി പറയാനുള്ള കാരണമെന്ത്?

25. 'അതുകൊണ്ട് വേളിയല്ലാത്ത മറ്റെന്തെങ്കിലും ചികിത്സ. വിധിയുണ്ടെങ്കിൽ പറയാം' കുട്ടൻ തമ്പുരാൻ ഇങ്ങനെ പറയാനുള്ള കാരണമെന്ത്?

26. 'ആദ്യം അച്ഛൻ നന്നാവണം എന്നാലേ മകൻ നന്നാവൂ.' സന്ദർഭം വ്യക്തമാക്കുക.

**(8 × 2 = 16 Marks)**

III. **നൂറു** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

27. ഭീമനും ഹിഡുംബനും തമ്മിലുണ്ടായ യുദ്ധത്തെ നോവലിസ്റ്റ് വർണ്ണിക്കുന്നതെങ്ങനെ?

28. ഭീമന്റെ കൈയ്യൂക്കിന്റെ തണലിലാണ് മറ്റു നാലു സഹോദരന്മാരും കഴിയുന്നതെന്ന സത്യം യുധിഷ്ഠിരൻ പറയാനിടയായ സാഹചര്യമെന്താണ്?

29. സ്ത്രീകളുടെ ഹിതാഹിതങ്ങൾ നോക്കുന്നത് എന്നും നമ്മൾക്കു പതിവില്ലല്ലോ എന്ന് ഭീമന്റെ അഭിപ്രായപ്രകടനം വ്യക്തമാക്കുന്നതെന്താണ്?

30. മനുഷ്യനുമേൻ അന്തിമമായ വിജയം സ്ഥാപിക്കുന്നത് ശാസ്ത്രമാണെന്ന് ഇതിമന്വന്തരം ശുഭം എന്ന നാടകം വിശദമാക്കുന്നതെങ്ങനെ?

31. ആശയസംഘട്ടനത്തിന്റെ നാടകമാണ് ഇതിമന്വന്തരം ശുഭം എന്നത് വ്യക്തമാക്കുക.

32. ചൂഷണം ചെയ്യപ്പെടുന്ന മനുഷ്യനെ ഇതിമന്വന്തരം ശുഭം എന്ന നാടകത്തിൽ ആവിഷ്ക്കരിക്കുന്നതെങ്ങനെ?

33. സ്വാമി രാമാനന്ദിന്റെ സവിശേഷതകൾ എന്തെല്ലാം?

34. തുംഗനാഥ ക്ഷേത്രത്തെക്കുറിച്ച് വിവരിക്കുക.

35. ഗഡുവാളികളെക്കുറിച്ച് വിവരിക്കുക.

36. മ്യൂസിക്ക് തെറാപ്പി എന്ന ആശയം സർഗ്ഗം എന്ന സിനിമയിൽ ആവിഷ്ക്കരിച്ചിരിക്കുന്നതെങ്ങനെ?

37. തിരക്കഥയെ ഒരു സാഹിത്യരൂപമായി പരിഗണിക്കാമോ?

38. കുട്ടൻ തമ്പുരാൻ എന്ന കഥാപാത്രത്തിന്റെ സ്വഭാവവിശേഷങ്ങൾ എന്തെല്ലാം?

**(6 × 4 = 24 Marks)**

IV. **മുന്നൂറു** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. (**രണ്ടെണ്ണം**)

39. ഭീമന്റെ ദുഃഖങ്ങൾ ഇതിഹാസത്തിൽ എത്രമാത്രം അനാഥമാണെന്ന് എം.ടി. സ്ഥാപിക്കുന്നതെങ്ങനെ ?

40. എക്കാലത്തും നീതി നിഢേധിക്കപ്പെട്ടവനാണ് ഭീമൻ എന്ന ആശയം രണ്ടാമൂഴം എന്ന നോവലിൽ എത്രമാത്രം ശക്തമാണ് ? വിലയിരുത്തുക.

41. ശാസ്ത്രമാണ് മനുഷ്യനുമേൽ അന്തിമ വിജയം നേടുന്നതെന്ന ആശയത്തെ ഇതിമന്വന്തരം ശുഭം എന്ന നാടകം ആവിഷ്ക്കരിക്കുന്നതെങ്ങനെ ?

42. വ്യക്തിസത്ത നഷ്ടപ്പെട്ട കഥാപാത്രങ്ങളാണ് ഇതിമന്വന്തരം ശുഭം എന്ന നാടകത്തിലുള്ളത്. സമർത്ഥിക്കുക.

43. നിർഭയനായ സഞ്ചാരിയുടെ യാത്രയാണ് ഹിമവാന്റെ മുകൾത്തട്ടിൽ. സ്ഥാപിക്കുക.

44. വൈകാരിക തീക്ഷ്ണമായ സന്ദർഭങ്ങളെ സൃഷ്ടിക്കാൻ ഹരിഹരൻ എന്ന സംവിധായകനുള്ള മികവ് സർഗ്ഗം എന്ന ചലച്ചിത്രത്തിൽ എത്രമാത്രം കണ്ടെത്താനാകും ?

**(2 × 15 = 30 Marks)**

———————